**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4584** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഡിമെൻഷ്യ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഡിമെൻഷ്യ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രണ്ട് ഡിമെൻഷ്യ കെയർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. 1) എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ. 2) തൃശ്ശൂർ ജില്ലയിലെ കുന്നംകുളം പകൽ പരിപാലന ഡിമെൻഷ്യാ കെയർ സെന്റർ |
| (ബി) | പ്രസ്തുത സെന്ററുകൾ എവിടെയൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രണ്ട് ഡിമെൻഷ്യ കെയർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. 1) എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ. 2) തൃശ്ശൂർ ജില്ലയിലെ കുന്നംകുളം പകൽ പരിപാലന ഡിമെൻഷ്യാ കെയർ സെന്റർ |
| (സി) | ഡിമെൻഷ്യ സെന്ററുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) | ഡിമെൻഷ്യാ കെയർ സെന്ററുകളിൽ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. വകുപ്പിലെ മറ്റു ഓഫീസുകളിലെ ജീവനക്കാർക്ക് ഡിമെൻഷ്യ കെയർ സെന്റർ സൂപ്രണ്ടിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ എടവനക്കാട് പ്രവർത്തിക്കുന്ന മുഴുവൻ സമയ ഡിമെൻഷ്യാ സെന്റർ കം ഓൾഡേജ് ഹോമിന്റെ സുഗമമായ നടത്തിപ്പിനായി രണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്മാരേയും 9 കെയർ പ്രൊവൈഡർമാരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ARDSI എന്ന സന്നദ്ധസംഘടനയുമായി സഹകരിച്ച് ഒരു ഫുൾടൈം അഡ്മിനിസ്ട്രേറ്റർ കം സോഷ്യൽ വർക്കറുടെയും ഒരു പാർട്ട് ടൈം സൈക്യാട്രിസ്റ്റിന്റെയും സേവനം നല്കിവരുന്നു. കുന്നംകുളം പകൽ പരിപാലന കേന്ദ്രത്തിൽ ARDSI മുഖേന നിയമിച്ച സോഷ്യൽ വർക്കർ, പാർട്ട് ടൈം സൈക്യാട്രിസ്റ്റ് എന്നിവരുടെയും വകുപ്പ് മുഖേന നിയമിക്കുന്ന 3 ദിവസവേതന ജീവനക്കാരുടേയും സേവനം ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | ഡിമെൻഷ്യ സെന്ററുകളിലെ അന്തേവാസികളുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് ഇവരുടെ പരിചരണത്തിനും മറ്റുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ഡി) | ഡിമെൻഷ്യാ സെന്ററുകളിലെ അന്തേവാസികൾക്കായി ARDSI എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ പരിചരണപദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലൂടെ യഥാസമയം ചികിത്സയും മാനസിക പിന്തുണയും പരിചരണവും ഡിമെൻഷ്യ ബാധിതർക്ക് ഉറപ്പാക്കിവരുന്നു. |
| (ഇ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ എടവനക്കാട് പ്രവർത്തിക്കുന്ന മുഴുവൻ സമയ ഡിമെൻഷ്യ സെന്റർ കം ഓൾഡേജ് ഹോമിന്റെ സുഗമമായ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഇ) | എടവനക്കാട് പ്രവർത്തിക്കുന്ന മുഴുവൻ സമയ ഡിമെൻഷ്യാ സെന്റർ കം ഓൾഡേജ് ഹോമിന്റെ സുഗമമായ നടത്തിപ്പിനായി രണ്ട് ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്മാരെയും 9 കെയർ പ്രൊവൈഡർമാരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ARDSI എന്ന സന്നദ്ധസംഘടനയുമായി സഹകരിച്ച് ഒരു ഫുൾടൈം അഡ്മിനിസ്ട്രേറ്റർ കം സോഷ്യൽ വർക്കറുടെയും ഒരു പാർട്ട് ടൈം സൈക്യാട്രിസ്റ്റിന്റെയും സേവനം നൽകിവരുന്നു. വകുപ്പിലെ സൂപ്രണ്ട് ഗ്രേഡിലുള്ള ഉദ്യോഗസ്ഥനു സ്ഥാപനത്തിന്റെ സൂപ്രണ്ടിന്റെ ചുമതല നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ